# 13

# അഹസ്യാവ്

# ദൈവത്തെ പരിഹസിക്കുന്നു

വേദഭാഗം: 1 രാജാക്കന്മാർ 22:51–53; 2 രാജാക്കന്മാർ 1

ഏതാനും വർഷം മുൻപ്, എനിക്കും എന്റെ ഭാര്യക്കും വർഷങ്ങളായി അറിയാവുന്ന ഒരു ക്രിസ്തീയ സത്രീക്ക് ഭയങ്കരമായ ഒരു വാഹനാപകടം നേരിട്ട് അവർ തളർന്നുപോയി. അവരുടെ തോൾ മുതൽ താഴേക്ക് തളർന്നതിനാൽ വീട് ഇപ്പോൾ, ഉന്തുവണ്ടിയാണ്, അവളുടെ ഭർത്താവ് വിശ്വസ്തമായി സഭയിലെ മൂപ്പനായി സേവനം നടത്തിക്കൊണ്ടിരിക്കുകയാണ്; അവളുടെ മക്കൾ നല്ല-സ്വഭാവമുള്ളവരും കീഴ്പ്പെട്ടിരിക്കുന്നവരുമാണ്. ദീർഘവർഷങ്ങൾ തന്റെ കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിക്കുവാൻ അവൾക്ക് എല്ലാ കാരണങ്ങളുമുണ്ടായിരുന്നു. എങ്ങനെയായാലും, അവളുടേയും അവളുടെ കുടുംബാംഗങ്ങളുടേയും ജീവിതം ഒരൊറ്റ ദിവസംകൊണ്ട് താളം തെറ്റി.

ക്രൂരമായ വിപത്തിനാൽ നാം ഒരു മൂലയിലേക്ക് തള്ളപ്പെടുമ്പോൾ, നാം ജീവിതത്തെ കുറിച്ചും നമ്മെ കുറിച്ചും വളരെ കാര്യങ്ങൾ പഠിക്കും. നിങ്ങളുടെ ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു വിപത്തുണ്ടായിട്ട്, എല്ലാം ഒന്ന് എന്ന് ആരംഭിക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ അത്തരം പരീക്ഷണത്തെ കുറിച്ച് ഒന്ന് ഊഹിച്ചുനോക്കുക.

ഒരുപക്ഷെ നിങ്ങൾക്ക് മാരകമായ ഒരു രോഗം പിടിപെട്ടു എന്നു വിചാരിക്കുക. നിങ്ങൾ അത് പ്രതീക്ഷിച്ചിരുന്നില്ല, തീർച്ചയായും ആഗ്രഹിച്ചുമില്ല. നിങ്ങൾ പലതും ചെയ്യുവാൻ പദ്ധതി തയ്യാറാക്കിയിരുന്നു. ഭാവിയിൽ അവയെല്ലാം എങ്ങനെ ചെയ്യണമെന്നും നിങ്ങൾക്ക് അറിയാമായിരുന്നു. അപ്പോൾ, പെട്ടെന്ന് നിങ്ങളുടെ ജീവിതത്തിലേക്ക് ഒരു ലോറി പാഞ്ഞുകയറി, നിങ്ങളെ ചതച്ചരക്കുന്നു. നിങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ച എല്ലാ പദ്ധതികളും വലിച്ചെറിയേണ്ടി വരുന്നു. പെട്ടെന്ന്, ഒരു അപ്രതീക്ഷ അടിയേൽക്കുകയും, നിങ്ങളുടെ ജീവിതത്തിന്റെ പുരോഗതി ഉടനെ ഒന്നുമല്ലാതായി തീരുന്നു. നിങ്ങളുടെ പദ്ധതികളെല്ലാം അവശിഷ്ടങ്ങളായി മാറുകയും, എല്ലാം ഒന്ന് എന്നു തുടങ്ങേണ്ടതായും വരുന്നു. നിങ്ങൾ ഭാവിയെ സംബന്ധിച്ച്, ഒരു പ്രത്യാശയുമില്ലാതാകും. മുൻപ് ഒരിക്കലും ആകാത്തതുപോലെ, നിങ്ങൾ അപ്പോൾ ദൈവത്തിന്റെ കരങ്ങളിലാണെന്ന് തിരിച്ചറിയും.

നിങ്ങൾ എന്തു ചെയ്യും? അത്തരം അനുഭവത്തിൽനിന്ന് നിങ്ങൾ എന്തു പഠിക്കും? ഇവിടെനിന്നു നിങ്ങൾ എങ്ങോട്ടുപോകും?

ആദ്യം, ജീവിതത്തെ ഒരു പുതിയ കാഴ്ച്ചപ്പാടോടുകൂടി നിങ്ങൾ നോക്കി കാണും, ഒരുപക്ഷെ നിങ്ങൾ അങ്ങനെ മുൻപ് ഒരിക്കലും നോക്കിയിരിക്കുകയില്ല. കണ്ണുകളിൽ നിത്യതയുമായി – തീരാനഷ്ടത്തെ അഭിമുഖീകരിക്കുന്നത് – ജീവിതത്തെ ശരിയായി നോക്കി കാണുവാൻ സഹായിക്കുന്നു. ആ പരിശ്രമത്തിൽ ജീവിതത്തിന്റെ പല ചുരുളുകളും അഴിയുന്നില്ലെന്നു തോന്നിയേക്കാം.അവ കാര്യമാക്കരുത്. അത് ഒരെത്തിനോട്ടത്തിനുപോലും വിലയില്ലാത്തതാണ്. എന്താണ് വാസ്തവത്തിൽ വിലയുള്ളതെന്ന് എണ്ണുവാനും,

അനുഗ്രഹങ്ങളെയും വെല്ലുവിളികളെയും നിങ്ങളുടെ ഉള്ളിൽ വലുതായി കാണുകയും ചെയ്യും: ദൈവം, കുടുംബം, ആരോഗ്യം, വളരുവാനുള്ള സമയം, സേവിക്കുവാനുള്ള സമയം, ദൈവത്തെ കണ്ടുമുട്ടുവാനുള്ള തയ്യാറെടുപ്പുമാണ് കാര്യമായുള്ളത്.

രണ്ടാമത്, നിങ്ങൾക്ക് ജീവിതം വ്യക്തമായി കാണുവാൻ കഴിയും - അതിന്റെ ശരിയായ വില, ശരിയായ ഉദ്ദേശം, അതിൽ ദൈവത്തോടുള്ള ബന്ധവും തിരിച്ചറിയും. ആ സമയത്ത് ഒരുപക്ഷെ പല നല്ല തീരുമാനങ്ങളും നിങ്ങളുടെ ഉള്ളിലേക്ക് വരും. "ദൈവമേ, നീ എന്നെ ജീവിക്കുവാൻ അനുവദിച്ചാൽ, ഇന്നുമുതൽ ഞാൻ നിനക്ക് പ്രഥമസ്ഥാനം കൊടുത്തുകൊണ്ടുമാത്രമേ ജീവിക്കുകയുള്ളു" എന്ന് വേണമെങ്കിൽ ദൈവത്തോട് പ്രതിജ്ഞയും എടുത്തേക്കാം. എത്രത്തോളം നന്ദിയുള്ളതും വിശുദ്ധവുമായ ജീവിതമാണ് നയിക്കേണ്ടിയിരുന്നതെന്നും, ചിന്തിച്ചേക്കാം.

മൂന്നാമത്, ജീവിതത്തിൽ എന്തവശേഷിച്ചിരിക്കുന്നുവോ, അതു വെച്ച് "ഒരു ചതുരത്തിൽനിന്ന്" നിങ്ങൾ വീണ്ടും ആരംഭിക്കുകയാണ്. നിങ്ങൾ ശരിയായി ചിന്തിച്ചാൽ, ദൈവത്തോടുകൂടി നിങ്ങൾ ആരംഭിക്കും. പ്രാർത്ഥന നിങ്ങൾക്ക് സാധാരണയായി തീരും. നിങ്ങൾ ഇടവിടാതെ, തുടർച്ചയായി, പ്രത്യേകമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. പിന്നെ, നിങ്ങൾ പ്രധാനപ്പെട്ട പ്രശ്നങ്ങളിലേക്ക് തിരിയും. കഴിയുമെങ്കിൽ, നിങ്ങളുടെ ശരീരം പുതുക്കുവാനായി ശ്രമിക്കും; നിങ്ങളുടെ വീട്ടിൽ നിങ്ങൾക്ക് ഒരു പ്രത്യേക സ്ഥാനം കണ്ടെത്തും; നിങ്ങൾ അംഗമായിരിക്കുന്ന സഭയിൽ ഒരു ദാസന്റെ സ്ഥാനം നിങ്ങൾ അന്വേഷിക്കും; നിങ്ങൾ പുതുതായി ആരംഭിക്കുമ്പോൾ, സമുഹത്തിലും ഒരു സ്ഥാനം തിരഞ്ഞെടുക്കും.

ആപത്തനുഭവങ്ങൾ നമ്മുടെ വ്യക്തിത്വങ്ങളെ പിടിച്ചുകുലുക്കുകയും, ജീവിതത്തിൽ ഒരു ശരിയായ സമീപനം എടുക്കുവാൻ നമ്മിൽ ആഗ്രഹം ജനിപ്പിക്കുകയും ചെയ്യും.അവ ദൈവത്തോട് നാം രഹസ്യമായി സംസാരിക്കുന്ന ഉൾമുറിയിലേക്ക് നമ്മെ പ്രവേശിപ്പിക്കും. എല്ലാവരും, എല്ലാം നമ്മെ വിട്ടുപോകുമ്പോൾ, നമ്മളും ദൈവവും മാത്രമായി തീരും ചില ആളുകൾ മരണകരമായ വിപത്തിൽനിന്നും ഒന്നും പഠിച്ചില്ലെങ്കിൽ, അവർ ജീവിതത്തിൽ വീണാലും അവർ തങ്ങളുടെ ദുഷ്ടതയിൽ തന്നെ തുടരും.

യിസ്രായേലിലെ എട്ടാമത്തെ രാജാവായിരുന്ന അഹസ്യാവിന്റെ പ്രത്യേക സ്വഭാവമായിരുന്നു വിപത്തിൽനിന്നും ഒന്നും പഠിക്കാതിരിക്കുന്നത്. അവൻ ആഹാബിന്റെ പിന്തുടർച്ചയായി രാജാവാകേണ്ട രണ്ടുമക്കളിൽ ഒരാളായിരുന്നു. യെഹോശാഫാത്ത് യെഹൂദ്യയിൽ പതിനേഴാമത്തെ വർഷം വാണപ്പോഴായിരുന്നു അവൻ തന്റെ വാഴ്ച്ച ആരംഭിക്കുന്നത്. ചുരുങ്ങിയ സമയത്തേക്കു മാത്രമെ അവൻ സിംഹാസനത്തിൽ ഇരുന്നുള്ളു, അതായത്, ബി.സി. 853 മുതൽ 852 വരെ, രണ്ടു വർഷത്തിൽ താഴെ മാത്രം.

അവൻ തന്റെ പാപത്താൽ മാത്രമാണ് അറിയപ്പെട്ടത്. അവനെ കുറിച്ച് നല്ലതൊന്നും വേദഭാഗത്തിലെ തിരുവെഴുത്തു പറയുന്നില്ല:

> അവൻ തന്റെ അപ്പന്റെ വഴിയിലും അമ്മയുടെ വഴിയിലും യിസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യൊരേബയാമിന്റെ വഴിയിലും നടന്നു യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു (22:52).

പരിശുദ്ധാത്മാവ് അഹസ്യാവിന്റെ ദുഷ്ടതയെ മൂന്നു പ്രയോഗങ്ങളിലൂടെ വിവരിക്കുന്നു. ഒന്ന്, “അവൻ തന്റെ അപ്പന്റെ വഴിയിൽ നടന്നു.” അത് ഒരുപക്ഷെ, യഹോവയെ ആരാധിക്കുന്നത് ഉപേക്ഷിക്കുകയും, ബാലിനെ നമസ്ക്കരിക്കുന്നത് അനുവദിക്കുകയും, ക്രൂരമായി ഭരിക്കുകയും, പ്രവാചകന്മാരെ ഉപദ്രവിക്കുവാൻ അനുവദിക്കയും ചെയ്തതാകാം. ആഹാബിന് ആ സ്വഭാവങ്ങളെല്ലാമുണ്ടായിരുന്നത്, അഹസ്യാവ് ഒരുപക്ഷെ പിന്തുടർന്നിരിക്കാം.

രണ്ടാമത്, “അവൻ തന്റെ അമ്മയുടെ വഴിയിൽ നടന്നു.” ആ പ്രയോഗം നന്നായി ശ്രദ്ധിക്കുക. ഒരാൾ “അമ്മയുടെ വഴിയിൽ നടന്നു” എന്നു തിരുവെഴുത്തിൽ പ്രത്യേകമായി പറയുന്നത് ഇവിടെ മാത്രമാണ്. ദുഷ്ടയായ അമ്മയുടെ ബലഹീന പുത്രനായിരുന്നു അവൻ. അവൾ മകനെ തന്റെ മതത്തിലേക്ക് നേടിയിരുന്നു. ബാലിനെ സേവിച്ച് ആരാധിക്കയാൽ അവൻ തന്റെ അമ്മയുടെ അഭിലാഷം സജീവമായി നിലനിർത്തി. അങ്ങനെ അവൻ ഫൊയ്നിക്യരുടെ സുഖഭോഗേഛയുള്ള ആരാധനാസമ്പ്രദായം യിസ്രായേലിൽ നിലനിർത്തി, അത് ഒരാൾക്ക് ഊഹിക്കാവുന്നതിൽ വെച്ച് അധാർമ്മികവും തരംതാഴ്ത്തുന്നതുമായ മതമായിരുന്നു.

മൂന്നാമത്, ദാനിലും, ബേഥേലിലും ഉണ്ടായിരുന്ന കാള-ക്കുട്ടിയെ ആരാധിച്ചിരുന്ന “യൊരേബയാമിന്റെ വഴിയിൽ” അവൻ നടന്നു (1 രാജാക്കന്മാർ 22:52). യൊരേബയാമിന്റെ വഴിയിൽ നടന്നതു തന്നെ മോശമായിരുന്നു, എന്നാൽ മറ്റു രണ്ടു പാപവഴികൾ കൂടെ സ്വീകരിച്ചപ്പോൾ അവൻ കൂടുതൽ ദുഷ്ടനായി തീർന്നു.

ബാലിന്റെ ഒരു ഭക്തനായതിനാൽ, അവൻ തന്റെ അപ്പനായ ആഹാബിനേക്കാൾ ദുഷ്ടനായി ജീവിച്ചു. തന്റെ അപ്പനോട് ഏറ്റുമുട്ടിയ ഏലിയാവിന്റെ നീതി അവന് പഠിക്കാമായിരുന്നു, എന്നാൽ അവൻ പഠിച്ചില്ല. എല്ലാ-നിലയിലും-വിഗ്രഹാരാനയിൽ അവൻ ലജ്ജിക്കപ്പെടാത്ത സ്ഥിരതയുള്ളവനായിരുന്നു; യഹോവ അവന് ഒന്നുമല്ലായിരുന്നു; അവന്റെ ദേവൻ ബാൽ ആയിരുന്നു. എല്ലാവരുടേയും മുൻപിൽ വെച്ച് അവൻ ബാലിനു ചുറ്റും പ്രദക്ഷിണം വെച്ച് തന്റെ ഭക്തി പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കുകയും അനുസരണക്കേടിനാൽ ദൈവേഷ്ടത്തെ നിന്ദിക്കുകയും ചെയ്തു.

അഹസ്യാവ് സിംഹാസനത്തിലേക്ക് വന്നയുടനെ, വിപത്ത് ആഞ്ഞടിച്ചു. പാപം എന്ന ടൈംബോംബ് ക്രമേണ സ്വയം-നശിപ്പിക്കുമെന്ന കാര്യത്തിൽ നമുക്ക് സംശയമില്ല. പാപം ചെയ്യുന്നവൻ വിജയിക്കുകയില്ല. തന്റെ പാപം നിമിത്തം, അഹസ്യാവിന് രാഷ്ട്രീയമായും, വ്യക്തിപരമായും തിരിച്ചടികൾ നേരിട്ടു.

അവന്റെ രാഷ്ട്രീയമായ, രണ്ട് നഷ്ടങ്ങളെ കുറിച്ച് തിരുവെഴുത്തു പറയുന്നുണ്ട്. യെഹോശാഫാത്തുമായി ചേർന്നുള്ള അവന്റെ കപ്പൽനിർമ്മാണത്തെ ദൈവം എസ്യോൻ-ഗേബരിൽ വെച്ച് ഉടച്ചുകളഞ്ഞു (2 ദിനവൃത്താന്തം 20:37). ആഹാബ് മരിച്ചതോടെ, മോവാബ്യർ യിസ്രായേലിനു കൊടുത്തുവന്നിരുന്ന കമ്പിളി രോമം നിർത്തൽ ചെയ്തു (2 രാജാക്കന്മാർ 1:1; 3:4). ഒമ്രി മോവാബ്യരെ കീഴടക്കുകയും, അവർ യിസ്രായേലിനു കപ്പം കൊടുക്കുമാറാക്കുകയും ചെയ്തു. ആഹാബിന്റെ വാഴ്ച്ചക്കാലത്ത് മോവാബ്യർ യിസ്രായേലിന് കീഴ്പ്പെട്ടിരുന്നു. ആഹാബ് യുദ്ധത്തിൽ മരിച്ചപ്പോൾ, മോവാബ്യർ എതിർക്കുവാൻ തുടങ്ങി. സ്പഷ്ടമായും, യിസ്രായേൽ രാജാവിന്റെ മരണം, മോവാബ്യരാജാവായിരുന്ന മേശയെ പ്രോൽസാഹിപ്പിക്കുകയും, “നാൽപതു വർഷം” യിസ്രായേലിനു കീഴ്പ്പെട്ടിരുന്നതിനെ അവൻ വിജയകരമായി അതി

ജീവിക്കയും ചെയ്തു. മോവാബ്യ കല്ല്, മേശയുടെ മൽസരത്തെ അവന്റെ തന്നെ വാക്കുകളിൽ പ്രകടമാക്കുന്നു.[1] പഴയനിയമകാലത്ത്, ശക്തനായ ഒരു രാജാവിന്റെ മരണം, കീഴ്പ്പെട്ടിരുന്ന ജനങ്ങൾക്ക് എതിരാളിയെ മറിച്ചിടുവാനുള്ള അവസരമായിട്ടാണ് കണക്കാക്കുന്നത്. പുതിയ രാജാവിന് പഴയ രാജാവിന്റെ അനുഭവവും പ്രാപ്തിയും ഉണ്ടായിരിക്കയില്ല എന്നാണ് അവർ കരുതുന്നത്, അതുകൊണ്ട് ആ സമയം പുതിയ രാജാവിന്റെ രാജ്യത്തെ നയിക്കുവാനുള്ള അനുഭവക്കുറവ് മുതലെടുത്ത്, അവർ ലഹളക്കായി ഒരുങ്ങും. ഇതായിരിക്കണം ആഹാബിന്റെ മരണത്തിൽ മോവാബിൽ സംഭവിച്ചത്. മേശ എതിരിട്ടതിനെ നിസാരമാക്കുകയും തൽഫലമായി യിസ്രായേലും അഹസ്യാവും വളരെ നഷ്ടം നേരിടുകയും ചെയ്തു.

അഹസ്യാവിന് - മറ്റൊരു വലിയ നഷ്ടം - വ്യക്തിപരമായി നേരിട്ടു. അവൻ തന്റെ രാജധാനിയുടെ മുകളിലെ കിളിവാതിലിൽനിന്നു വീണു സാരമായ പരിക്ക് ഏറ്റു. അവൻ മാളികമുറിയിൽനിന്നു നടന്നുവരുമ്പോൾ, എങ്ങനെയോ വഴുതി ജാലകത്തിൽകൂടെ[2] വീണു എന്നാണ് ചരിത്രകാരനായിരുന്ന ജോസെഫസ് പറഞ്ഞത്. അവന്റെ മുറിവ് സാരമായിരുന്നതുകൊണ്ട് അവനു കിടക്കയിൽനിന്ന് ഇളകുവാൻ കഴിഞ്ഞില്ല.

ഈ മുഖ്യമായ നഷ്ടങ്ങൾ - അവന്റെ കപ്പൽനിർമ്മാണ പരാജയം, മോവാബ്യർ മൽസരിച്ചു വിജയിച്ചത്, അഹസ്യാവിന്റെ ശാരീരിക മുറിവ്, കിടക്കയിൽ തന്നെ വേദനയാൽ കഴിയേണ്ടി വന്നത് എല്ലാം വെച്ചുകൊണ്ടും - രാജാവ് മാനസാന്തരപ്പെട്ടുകാണും എന്ന് നിങ്ങൾ വിചാരിച്ചേക്കാം. അവന് നേരിട്ട വിപത്ത് എങ്ങനെയായിരുന്നു എന്ന് നാം വായിക്കുമ്പോൾ, "അഹസ്യാവ് ഇപ്പോൾ, ഒരുപക്ഷെ ദൈവത്തിലേക്ക് തിരിയുമായിരിക്കും" എന്നു നാം കരുതും. തീർച്ചയായും, അവൻ ജീവിതത്തെ പുനരവലോകനം ചെയത് ശരിയായ മുൻഗണന വെച്ച് ആരംഭിച്ചേക്കാം എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. പക്ഷെ അങ്ങനെ സംഭവിച്ചില്ല! ദൈവത്തിലേക്ക് തിരിയുന്നതിനു പകരം, അവൻ ദൈവത്തെ പരിഹസിക്കുകയാണ് ചെയ്തത്! അവൻ ധീരമായി, അനായാസമായി ദൈവത്തെ അവമാനിക്കുകയാണ് ചെയ്തത്.

ദൈവത്തെ അഹസ്യാവ് അവമാനിച്ചത് ജീവിതത്തിന്റെ അവസാനം മാത്രമായിരുന്നില്ല; അവന്റെ ജീവിതത്തിൽ മിക്ക സമയത്തും അത് സംഭവിച്ചിരുന്നു. അവൻ അത് എങ്ങനെ ചെയ്തു എന്നു നോക്കാം, അങ്ങനെ നാം അത് ഒരിക്കലും ചെയ്യാതെ നമുക്ക് ശ്രദ്ധിക്കുകയുമാകാം.

## ദൈവത്തെ അറിയാതെ

ആദ്യം, അഹസ്യാവ് ദൈവത്തെ അറിയാതെ അവനെ പരിഹസിച്ചു. അഹസ്യാവ്, ജാതികളുടെ പ്രചാരകരായിരുന്ന ആഹാബിന്റേയും ഈസെബേലിന്റെയും മകനായിരുന്നുവെങ്കിലും, സത്യദൈവമായ യഹോവയെ കുറിച്ച് പഠിക്കുവാനുള്ള അവസരം തീർച്ചയായും അവനുണ്ടായിരുന്നു. കർമ്മേൽ പർവ്വതത്തിൽ വെച്ച് സത്യദൈവത്തിന്റെ യഥാർത്ഥശക്തിയും ബാലിന്റെ വ്യർത്ഥതയും ഏലിയാവ് തെളിയിച്ച സമയത്ത് ഒരുപക്ഷെ അവൻ സന്നിഹിതനായിരുന്നേക്കാം (1 രാജാക്കന്മാർ 18). അവൻ അവിടെ ഉണ്ടായിരുന്നില്ലെങ്കിൽ ആ സംഭവം വിശദമായി കേട്ടിരിക്കാം. ദൈവത്തിന്റെ യാഥാർത്ഥ്യം അവന്റെ ശ്രദ്ധയിൽ പെടുത്തിക്കാണും. സത്യം അവനെ ബോധ്യപ്പെടുത്തിക്കാണും. ഒരുപക്ഷെ ആഹാബിന്റേയും ഈസെബേലിന്റെയും സമ്മർദ്ദം കൊണ്ടാകാം

അവൻ ബാലിനെ ആരാധിക്കുന്നതു തന്നെ തുടർന്നു. പ്രപഞ്ചത്തിലെ പ്രധാനസത്യമായ, ദൈവം അവിടെ ഉണ്ടായിരുന്നിട്ടും, ഒരാൾ അവനെ കാണാത്തതുപോലെ കടന്നുപോകുന്നതു ചിന്തിക്കുക!

തിരുവെഴുത്തിൽ ആദ്യമായി അഹസ്യാവിനെ കുറിച്ചു പറയുന്നതു തന്നെ, ദുഷ്ടനായ മനുഷ്യൻ എന്നാണ്. ആ സമയത്തുപോലും, അവൻ സ്വന്ത നിയമപ്രകാരം, ദൈവത്തെ അറിയാതെയാണ് ജീവിച്ചത്. യെഹൂദരാജാവായ യെഹോശാഫാത്തുമായി ചേർന്ന് കപ്പൽനിർമ്മാണവ്യവസായം ആരംഭിച്ചതു തന്നെ ദൈവത്തെ കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതെയാണെന്നാണ് തിരുവെഴുത്ത് സൂചിപ്പിക്കുന്നത്. അവൻ ജീവിച്ചതും പ്രവർത്തിച്ചതും ദൈവത്തെ കൂടാതെയാണ്.

> അതിന്റെശേഷം, യെഹൂദാരാജാവായ യെഹോശാഫാത്ത് യിസ്രായേൽരാജാവായ അഹസ്യാവോട് സഖ്യം ചെയ്തു. അവൻ മഹാദുഷ്പ്രവൃത്തിക്കാരനായിരുന്നു. അവൻ തർശീശിലേക്ക് ഓടിക്കുവാൻ കപ്പലുണ്ടാക്കുന്നതിൽ അവനോട് യോജിച്ചു. അവർ എസ്യോൻ-ഗേബരിൽവെച്ച് കപ്പലുകളുണ്ടാക്കി. എന്നാൽ മാരേശക്കാരനായ ദോദാവയുടെ മകൻ എലീയേസെർ യെഹോശാഫാത്തിനു വിരോധമായി പ്രവചിച്ചു. “നീ അഹസ്യാവോട് സഖ്യത ചെയ്തതുകൊണ്ട്, യഹോവ നിന്റെ പണികളെ ഉടച്ചുകളഞ്ഞിരിക്കുന്നു” എന്നു പറഞ്ഞു. കപ്പലുകൾ തർശീശിലേക്ക് ഓടുവാൻ കഴിയാതെ ഉടെഞ്ഞുപോയി (2 ദിനവൃത്താന്തം 20:35-37).

അഹസ്യാവിനോട് സഖ്യത ചെയ്യുവാൻ പോയ യെഹോശാഫാത്തിന് അവനെ കുറിച്ചു നന്നായി അറിയാമായിരുന്നു. ദുഷ്ടനായ ഒരു മനുഷ്യനോട് സഖ്യത ചെയ്താൽ ആ പണി ഉടെച്ചുകളയുമെന്ന് എലീയെസെറിനെ അയച്ചു ദൈവം അവനെ മുന്നറിയിച്ചിരുന്നു. പ്രവാചകൻ അരുളിച്ചെയ്തത് യെഹോശാഫാത്ത് അഹസ്യാവിനോട് പറഞ്ഞിരുന്നോ? തീർച്ചയായും നമുക്ക് അറിയില്ല. പക്ഷെ പറഞ്ഞുകാണും. ഗിലെയാദിലെ-രാമോത്തിൽ വെച്ചുണ്ടായ യുദ്ധത്തിൽ എന്തു സംഭവിക്കുമെന്ന് ഒരു പുതിയ പ്രവാചകൻ വന്നു മുന്നറിയിച്ചതു, യെഹോശാഫാത്ത് പറഞ്ഞതു ഓർക്കുമല്ലൊ (22:7). യെഹോശാഫാത്ത് ആ മുന്നറിയിപ്പ് അവഗണിച്ചോ എന്നു നമുക്ക് അറിയില്ല, അഹസ്യാവ് തുടർച്ചയായി ദൈവത്തെ കൂടാതെ ജീവിച്ചു. യെഹോശാഫാത്ത് ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചുവെങ്കിൽ, അഹസ്യാവ് തുടർച്ചയായി തദൈവത്തെ കണക്കാക്കാതിരുന്നു.

യെഹോശാഫാത്ത് കപ്പലുകൾ അയക്കുവാൻ രണ്ടാമത് ശ്രമം നടത്തിയതായി 1 രാജാക്കന്മാരുടെ പുസ്തകം വെളിപ്പെടുത്തുന്നു. അഹസ്യാവ് അവനെ സഹായിക്കുവാൻ ആവശ്യപ്പെട്ടു, എന്നാൽ യെഹോശാഫാത്ത് അവനെ തഴെഞ്ഞുകളഞ്ഞു. സ്പഷ്ടമായും, കപ്പൽനിർമ്മാണ പരാജയവും, ദൈവത്തിൽനിന്നുള്ള സന്ദേശവും അവനെ ഒരു പാഠം പഠിപ്പിച്ചിരുന്നു - എന്നാൽ അഹസ്യാവ് പഠിച്ചില്ല.

> ആ കാലത്ത് ഏദോമിൽ രാജാവില്ലായ്കകൊണ്ട്, ഒരു ദേശാധിപതി രാജസ്ഥാനം വഹിച്ചു. ഓഫീരിൽ പൊന്നിനു പോകേണ്ടതിന്നു യെഹോ

> ശാഫാത്ത് തർശീശ് കപ്പലുകളെ ഉണ്ടാക്കി. എന്നാൽ കപ്പലുകൾ എസ്യോൻ-ഗേബെരിൽ വെച്ചു ഉടെഞ്ഞുപോയതുകൊണ്ട്, അവെക്കു പോകുവാൻ കഴിഞ്ഞില്ല. അന്നേരം ആഹാബിന്റെ മകനായ അഹസ്യാവ്, യെഹോശാഫാത്തിനോട്, "എന്റെ ദാസന്മാർ നിന്റെ ദാസന്മാരോടുകൂടെ കപ്പലിൽ പോരട്ടെ" എന്നു പറഞ്ഞു. എന്നാൽ യെഹോശാഫാത്തിന് മനസില്ലായിരുന്നു (22:47-49).

യെഹോശാഫാത്ത് ദൈവത്തെ അനുസരിക്കാഞ്ഞതിന്റെ ഫലം കാണുകയും, മാനസാന്തരപ്പെടുകയും ചെയ്തുവെങ്കിലും, ആഹാബ് മാനസാന്തരപ്പെട്ടില്ല എന്നു കാണാം. യഹോവ ഉണ്ടെന്നുപോലും കണക്കാക്കാതെ, ദൈവമില്ലാതെ ജീവിച്ച മനുഷ്യനായിരുന്നു അഹസ്യാവ്. അവൻ പൂർണ്ണമായും ദൈവത്തെ അവഗണിച്ചിരുന്നു.

ആകർഷണിയമായ മൃഗവളർത്തൽ കേന്ദ്രത്താൽ, നല്ല ഉപജീവനമാർഗം കണ്ടെത്തിയ ഒരാളുടെ സംഭവം എന്നോട് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ സ്വപ്നം-ഏതാണ്ട് യാഥാർത്ഥ്യമായതുപോലെ ആയിരുന്നു. ദൈവം അദ്ദേഹത്തിന് സുന്ദരിയായ ഒരു ഭാര്യയും മുന്നു നല്ല മക്കളും നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ക്രിസ്ത്യാനികളായി തീർന്നു, പക്ഷെ അദ്ദേഹം ക്രിസ്ത്യാനിയായില്ല. അവരുടെ അടുത്തു താമസിച്ചിരുന്ന ഒരു സുവിശേഷപ്രാസംഗികൻ, അദ്ദേഹത്തോട് സുവിശേഷം അറിയിച്ചുവെങ്കിലും എവിടെയുമെത്തിയില്ല. ക്രിസ്ത്യാനിയാകുന്നതിനെ കുറിച്ചുള്ള സംഭാഷണത്തിൽ ഒരു ദിവസം, അയാൾ ഉപദേഷ്ടാവിനോട് പറഞ്ഞു, "എനിക്ക് താൽപര്യമില്ല." അതിന് ഉപദേഷ്ടാവ് ചോദിച്ചു, "അപ്പോൾ നിങ്ങൾക്ക് സ്വർഗത്തിൽ പോകണ്ട എന്നാണോ?" അതിന് അയാൾ പറഞ്ഞു, "അതെ, എനിക്ക് പോകണമെന്നില്ല." "അതിനർത്ഥം നിങ്ങൾ നരകത്തിൽ പോകണമെന്നാണോ ആഗ്രഹിക്കുന്നത്?" എന്ന് ചോദിച്ചു. അതിന് അദ്ദേഹം അല്ല എന്നു പറഞ്ഞു. അപ്പോൾ അൽപം ആശയുണ്ടെന്ന് കണ്ട് ഉപദേഷ്ടാവ് വിവരിച്ചു പറഞ്ഞു, "നിങ്ങൾ സ്വർഗത്തിലും നരകത്തിലും പോകുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, പിന്നെ എവിടെ പോകുവാനാണ് ആഗ്രഹിക്കുന്നത്? എവിടെയെങ്കിലും പോകണമല്ലോ." ആ മനുഷ്യൻ അതിന്, "ഞാൻ ഒരിടത്തും പോകുവാൻ ആഗ്രഹിക്കുന്നില്ല, ഞാൻ എന്റെ ഫാമിൽ എന്റെ ജീവിതം ആസ്വദിച്ചു എന്റെ കാര്യം നോക്കിക്കൊള്ളാം."

നിർഭാഗ്യവശാൽ അയാളുടെ ഉത്തരം അനേകം പേരുടെ തീർപ്പുപോലെയാണ്: ദൈവം ചുറ്റുമില്ല എന്ന തോന്നലിൽ ദൈവത്തെ നിരാകരിക്കുവാനായിരുന്നു അയാൾ തിരഞ്ഞെടുത്തത്. അവൻ ദൈവത്തിന്റെ ഭൂമിയിൽ അവന്റെ വായു ശ്വാസിച്ച്, അവന്റെ വെള്ളം കുടിച്ച്, അവൻ നൽകിയ കുടുംബത്തെ ആസ്വദിച്ച് ജീവിക്കുന്നു - അങ്ങനെയുള്ള സൃഷ്ടികർത്താവിന്റെ എല്ലാം ഉപയോഗിച്ചശേഷം അവൻ അപ്രത്യക്ഷമായ വിധത്തിൽ പെരുമാറുന്നു!

നിങ്ങൾ സന്നിഹിതനല്ല എന്ന വിധത്തിൽ മറ്റുള്ളവർ നിങ്ങളോടു പെരുമാറുന്നത് നിങ്ങളെ പരിഹസിക്കുന്നതല്ലേ? നിങ്ങളെ മുഖ്യ ആകർഷണമായി കണക്കാക്കേണ്ട ആവശ്യമില്ലായിരിക്കാം, എന്നാൽ ചുരുങ്ങിയത് നിങ്ങൾ ജീവിച്ചിരിക്കുന്നു എന്നു സമ്മതിക്കയെങ്കിലും വേണ്ടേ.

*ടൈറ്റാനിക്ക്* കപ്പൽ മഞ്ഞുകടലിൽ മുങ്ങുന്നതിനു മുൻപ്, മുന്നറിയിപ്പുകൾ അയച്ചിരുന്നു; എന്നാൽ, ചില കാരണങ്ങൾ നിമിത്തം, അവയെ അവ

ഗണിച്ചുകളഞ്ഞു. ആ മുന്നറിയിപ്പുകൾ കപ്പലിലെ ജോലിക്കാർ ശ്രദ്ധിച്ചിരുന്നെങ്കിൽ, കപ്പൽ നശിക്കാതിരിക്കുമായിരുന്നു. എങ്ങനെയായാലും, ജീവന്റേയും-മരണത്തിന്റേയും അടയാളമായിരുന്ന മുന്നറിയിപ്പുകൾ അപ്രധാനവും അപ്രസക്തവുമെന്നു വിചാരിച്ചു. അൽപ സമയം കഴിഞ്ഞപ്പോൾ, *ടൈറ്റാനിക്* കപ്പൽ മഞ്ഞുമലയിലിടിക്കുകയും കപ്പൽ തകരുകയും, അനവധിപേർ കടലിൽ മുങ്ങി അകാലചരമമടയുകയും ചെയ്തു.

അവഗണിക്കുക എന്നാൽ എന്താണെന്നു നമുക്ക് മിക്കപേർക്കും അറിയാം. ഒരുപക്ഷെ നിങ്ങൾക്ക് ചുറ്റുമുള്ളവർക്ക് പ്രാധാന്യമുള്ള ചില വിവരങ്ങൾ നിങ്ങൾക്ക് ലഭിച്ചിരിക്കാം, അവർ തിരക്കിലായതുകൊണ്ടോ അല്ലെങ്കിൽ മറ്റു കാര്യങ്ങളിൽ വ്യാപൃതരായതുകൊണ്ടോ അത് കാണാതിരുന്നു എന്നു വിചാരിക്കുക. നിങ്ങൾക്ക് അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവരെ നിങ്ങൾക്ക് എങ്ങനെ സഹായിച്ച് ജീവിതം ലഘൂകരിക്കുവാൻ കഴിയും! അത്തരം അനുഭവമുണ്ടായിട്ടുള്ള നമുക്ക് ദൈവത്തെ നിസാരമായി അവഗണിച്ചാൽ അവന് എന്തു തോന്നുമെന്ന് അറിയാം.

ദൈവം ഏകവ്യക്തിയും, ഏക സത്യവുമാണ്, അവനെ കൂടാതെ നമുക്ക് ഒന്നും സാധ്യമല്ല. അവൻ പരമോന്നത യാഥാർത്ഥ്യമാണ്. അവൻ മാത്രമാണ് ഏകസത്യ ദൈവം, അതാണ് സത്യം. പക്ഷെ ആളുകൾ പലപ്പോഴും സത്യത്തെ നോക്കാതെ, പരിഗണിക്കാതെ കടന്നുപോകയാണ്. എത്ര ഖേദകരമാണ്! അത് അവരെ എത്ര വ്രണപ്പെടുത്തും, അതു ദൈവത്തെ എത്ര വേദനിപ്പിക്കും! പ്രപഞ്ചത്തെയും മനുഷ്യരെയും നിർമ്മിച്ച സൃഷ്ടികർത്താവാണ് ദൈവം. ജീവിതത്തിന്റെ ഓരോ നിമിഷവും നൽകുന്നത് ദൈവമാണ്. അവന്റെ അനുഗ്രഹങ്ങളും കൃപയും കൂടാതെ നമുക്ക് ഒരു ചെറുവിരൽ പോലും ഉയർത്തുവാൻ സാധ്യമല്ല. അവൻ ജീവിക്കുന്നില്ല എന്ന വിധത്തിൽ അവനെ അവഗണിച്ചുകൊണ്ട് ജീവിക്കുന്നത് അവനെ പരിഹസിക്കലാണ്.

### ദൈവത്തെ നിഷേധിക്കുന്നതിനാൽ

രണ്ടാമത്, അഹസ്യാവ് ദൈവത്തെ നിഷേധിച്ചുകൊണ്ടാണ് അവനെ പരിഹസിച്ചത്. അവൻ നിലനിൽക്കുന്നില്ല എന്ന രീതിയിലല്ല അഹസ്യാവ് ദൈവത്തെ കണ്ടത്, പിന്നെയോ ഒരു പടി കൂടി കടന്ന് മനപ്പൂർവ്വമായി, തന്റെ മനസിൽനിന്ന് ദൈവത്തെ നിരാകരിച്ചുകളഞ്ഞു. വിഗ്രഹാരാധന സാധാരണ ആരംഭിക്കുന്നത് ദൈവത്തെ അവഗണിച്ചുകൊണ്ടാണ്, പിന്നെ ദൈവത്തെ നിഷേധിക്കുകയും, തുടർന്നു ദൈവത്തിനു പകരം മറ്റൊന്നിനെ സ്വീകരിക്കുകയും ചെയ്യും. ആദ്യം പറഞ്ഞ രണ്ടു പടികൾ തിരിച്ചുമാകാം, പക്ഷെ അന്തിമഫലം പകരം മറ്റൊന്നിനെ എടുക്കുന്നതായിരിക്കും.

അഹസ്യാവ് വീണ് പരിക്കേറ്റപ്പോൾ, തനിക്ക് എന്താകുമെന്നറിയുവാൻ അവൻ ഫെലിസ്ത്യയിലേക്ക് സന്ദേശവാഹകരെ അയച്ചു (ഏതാണ്ട് നാൽപതു മൈൽ ദൂരെ പടിഞ്ഞാറ്) - യഹോവയുടെ അടുക്കലേക്കല്ല, എക്രോന്റെ ദേവനായ ബാൽ-സെബൂബിന്റെ അടുക്കലേക്കാണ് (2 രാജാക്കന്മാർ 1:2).[3] ആ പ്രവൃത്തികൾ സൂചിപ്പിക്കുന്നത്, അഹസ്യാവ് അന്യദേവനായ ബാലിനെ നമസ്ക്കരിക്കുന്ന, ഈസെബേലിന്റെ പകർപ്പായ മകൻ തന്നെയാണെന്നാണ്.

വാസ്തവത്തിൽ, തന്റെ മുറിവിന്റെ കാരണവും ഫലവും അറിയുവാൻ അഹസ്യാവ് അന്യദേവന്റെ അടുക്കൽ പോയതായിട്ടാണ് തിരുവെഴുത്ത് പറയുന്നത്. തന്റെ വേദനയും ഭാവിയും എന്താകുമെന്നറിയുവാൻ അഹസ്യാവ്

തീരുമാനിച്ചത് കാണുവാൻ നമ്മെ അനുവദിച്ചിരിക്കുന്നു. അവന്റെ തനിനിറം വെളിപ്പെടുത്തിയിരിക്കുന്നു; അവന്റെ ഉൾചിന്തകൾ പുറത്തുകൊണ്ടുവന്നു. ദൈവത്തെ ത്യജിച്ചുകളഞ്ഞ രാജാവായിട്ടാണ് പരിശുദ്ധാത്മാവ് അഹസ്യാവിനെ കാണിച്ചിരിക്കുന്നത്.

രാജാവിന്റെ ഭാവിയറിയുവാൻ ബാൽ-സെബൂബിന്റെ അടുക്കൽ അയച്ച സന്ദേശവാഹകന്മാർ പോകുന്ന വഴിയിൽ ഏലിയാവിനെ കണ്ടു (2 രാജാക്കന്മാർ 1:3, 4). രാജാവ് ബാൽ-സെബൂബിനോട് ആലോചന ചോദിച്ചതിനാൽ അഹസ്യാവ് മരിച്ചുപോകുമെന്ന് പറഞ്ഞു അവരെ തടയുവാൻ അവനെ ദൈവം അയച്ചതാണ്. തന്റെ മഹിമയെ അഹസ്യാവ് പരിഹസിക്കുവാൻ ദൈവം അനുവദിക്കുന്നില്ല.

"യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നിങ്ങൾ എക്രോനിലെ ദേവനായ ബാൽ-സെബൂബിനോട് അരുളപ്പാട് ചോദിപ്പാൻ പോകുന്നത് ...?" എന്നു ചോദിച്ചുകൊണ്ടാണ് ഏലിയാവ് അവരെ തടയുന്നത് (2 രാജാക്കന്മാർ 1:3). ഇരട്ട നിഷേധമായ എബ്രായ പ്രയോഗത്താൽ അതിന്റെ തീവ്രത കാണിക്കുന്നു. യഹോവയുടെ നിലനിൽപ്പ് പൂർണ്ണമായും ത്യജിക്കുന്നതായിരുന്നു രാജാവ് തന്റെ രക്ഷാധികാരിയായി ബാൽ-സെബൂബിനെ കണ്ടത്. ദൈവശബ്ദം നിലച്ചുവെന്നു വരുത്തിക്കൊണ്ടാണ് അഹസ്യാവ് അന്യദേവന്റെ ആലോചനക്ക് ശ്രമിച്ചത്. തന്റെ ദേശത്ത് ദൈവത്തിന്റെ അസ്തിത്വമില്ലെന്നായിരുന്നു രാജാവ് പ്രഖ്യാപിച്ചത്. അഹസ്യാവ് സന്ദേശവാഹകരെ ദൂരെ അയച്ചത് ഒരാളുടെ നട്ടെല്ലിനേയും മനസിനേയും വേദനിപ്പിക്കുന്നതാണ്.

വർഷങ്ങൾക്ക് മുൻപ് ഓക്ലഹോമയിലെ ഒരു ചെറിയ ടൗണിൽ സുവിശേഷപ്രസംഗത്തിനു പോയപ്പോൾ സംഭവിച്ച കാര്യം ജെയിംസ് ബർട്ടൺ കോഫ്മാൻ പറയുകയുണ്ടായി. ദീർഘകാലമായി ഒരാൾ ആ സമൂഹത്തിൽ താമസിക്കുന്നുവെങ്കിലും ക്രിസ്ത്യാനിയായി തീരാത്ത ഒരാളെ സന്ദർശിക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം അയാളെ കാണുവാൻ പോയി. താൻ അയാളോട് എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്നു പറയുവാനാണ് വന്നതെന്നു പറഞ്ഞപ്പോൾ, അയാൾ കോഫ്മാനോട് പറഞ്ഞു, "യേശുക്രിസ്തു നേരിട്ട് വന്ന്, എന്നോട് ക്രിസ്ത്യാനിത്വത്തിന്റെ അവകാശവാദങ്ങൾ നിരത്തിയാലും, അവൻ പറയുന്നതെന്തും ഞാൻ തള്ളിക്കളയും." ഉടനെ സഹോദരൻ കോഫ്മാൻ സംഭാഷണം നിർത്തി പൊയ്ക്കളഞ്ഞു. ആ മനുഷ്യൻ യേശുവിനെ മാത്രമല്ല, ക്രിസ്ത്യാനിത്വത്തെയും തള്ളിക്കളഞ്ഞിരിക്കുകയാണ്. സത്യത്തെ ത്യജിച്ചിരിക്കുന്ന മനുഷ്യനോട് പിന്നെ സംസാരിച്ചു സമയം കളയുന്നതിൽ എന്തർത്ഥമാണുള്ളത്?

ദൈവത്തെ അവഗണിച്ചതു മുതലാണ് അഹസ്യാവിന്റെ പതനം ആരംഭിച്ചത്, എന്നാൽ ക്രമേണ - ഈസെബേലിന്റെ സ്വാധീനത്താൽ തന്നെ - അവൻ ദൈവത്തെ തള്ളിക്കളഞ്ഞു. അവന് സഹായം ആവശ്യമായി വന്നപ്പോൾ, അവൻ തിരഞ്ഞെടുത്ത ദേവനായ-ബാൽസെബൂബിലേക്ക് തിരിഞ്ഞു. ഭീകരമായി ദൈവത്തെ പരിഹസിക്കുന്നതായിരുന്നു അവന്റെ പ്രവൃത്തികൾ.

### ദൈവത്തിനു ബദലാക്കിയതിനാൽ

ദൈവത്തിനു ബദലായി ബാലിനെ സ്വീകരിച്ചതാണ് അഹസ്യാവ് ദൈവത്തെ പരിഹസിച്ച മൂന്നാമത്തെ രീതി. ദൈവത്തെ നിഷേധിച്ചുകൊണ്ട്, അന്യദേവന്മാരെ, അഥവാ ദേവനെ ബദലായി സ്വീകരിക്കുവാനായിരുന്നു

അഹസ്യാവ് തീരുമാനിച്ചത്. ഒരുപക്ഷെ രണ്ട് തീരുമാനങ്ങളായ നിഷേധിക്കലും, ബദലാക്കുന്നതും ഒരേ സമയത്ത് സംഭവിച്ചതാകാം.എങ്ങനെയായാലും അതു സംഭവിച്ചു, അഹസ്യാവ് ബാലിലേക്ക് അത്രമാത്രം തിരിഞ്ഞതുകൊണ്ട്, യഹോവയുടെ ഇടപെടൽ ഇല്ലാതിരിക്കേണ്ടതിന്, ഏലിയാവിനെ പിടിച്ചു തടവിലാക്കി കൊന്നുകളയുവാൻ തീരുമാനിച്ചു!

ഏലിയാവിന്റെ സന്ദേശവുമായി സന്ദേശവാഹകർ അവന്റെ അടുക്കലെത്തിയപ്പോൾ, അവർ ഇത്ര പെട്ടെന്ന് മടങ്ങി വന്നതെന്താണെന്ന് അറിയുവാൻ അഹസ്യാവ് ആഗ്രഹിച്ചു. ഒരു മനുഷ്യൻ തങ്ങളെ അഭിമുഖീകരിച്ച് അഹസ്യാവ് മരിച്ചുപോകുമെന്ന ദൂത് അറിയിച്ചു മടക്കി അയച്ചു എന്ന് അവർ പറഞ്ഞു. ആ മനുഷ്യനെ തിരിച്ചറിയുവാൻ അവൻ എങ്ങനെയുള്ളവൻ എന്ന് അഹസ്യാവ് അവരോട് ചോദിച്ചു. പരുപരുത്ത മൃഗത്തോൽ[4] കൊണ്ടുള്ള ഉടുപ്പ് ധരിച്ചിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അത് ഏലിയാവെന്ന് അവൻ തിരിച്ചറിഞ്ഞു.

അഹസ്യാവ് പിന്നെ അതിശയകരമായ ഒരു കാര്യം ചെയ്തു. പടയാളികളെ അയച്ചു ഏലിയാവിനെ ഉടനെ തടവിലാക്കുവാൻ ആവശ്യപ്പെട്ടു! അവൻ ഏലിയാവിനെ തടവിലാക്കുന്നത് കൊല്ലുവാനാണെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. അഹസ്യാവ് ഇപ്പോൾ യഹോവ ശക്തിയില്ലാത്തവനും വിലയില്ലാത്തവനുമെന്ന് വിചാരിക്കുക മാത്രമല്ല, ബാൽ ആണ് അവനേക്കാൾ ശക്തിയുള്ളത് എന്നും കണക്കാക്കി. ദൈവത്തിന്റെ ദാസനെ അതുകൊണ്ട് പെട്ടെന്ന് ഇല്ലാതാക്കാമെന്ന് അവൻ വിചാരിച്ചു. സർവ്വശക്തനായ ദൈവവുമായി താരതമ്യപ്പെടുത്തിയാൽ ബാലിനു ഒരു ശക്തിയുമില്ല എന്ന് കാണുവാൻ അവനു കഴിഞ്ഞില്ല. ഏലിയാവിനെ തടവിലാക്കുന്നതു തടയുവാൻ യഹോവക്ക് കഴിയുമെന്ന് അവൻ വിചാരിച്ചില്ല!

ഏലിയാവ് വാസ്തവത്തിൽ ദൈവത്തിന്റെ പ്രവാചകനാണെന്നും അവനെ അഹസ്യാവിന്റെ അടുക്കൽ എത്തിച്ചാൽ അഹസ്യാവ് ആ നിരപരാധിയായ മനുഷ്യനെ കൊല്ലുമെന്നും പടയാളികൾക്ക് അറിയാമായിരുന്നു. ദൈവം യിസ്രായേലിന്റെ പരമോന്നത രാജാവാണെന്നും, ഏലിയാവ് ദൈവേഷ്ടമായിരുന്നു ചെയ്തതെന്നും പടയാളികൾ മനസിലാക്കിയിരുന്നു. അതുകൊണ്ട് ഏലിയാവിനെ പിടിച്ചു അഹസ്യാവിന്റെ അടുക്കൽ കൊണ്ടുവരുന്നത്, വലിയ ഭക്തിരാഹിത്യമാണെന്നും, ദൈവത്തോടുള്ള മൽസരമാണെന്നും, വലിയ രാജദ്രോഹമാണെന്നും അവർ വിചാരിച്ചു. ദുഷ്ടനായ അഹസ്യാവിന്റെ കൽപനകൾ അനുസരിക്കുന്നത് ദൈവത്തിനെതിരായ അനുസരണക്കേടാണെന്ന് അവർ വിശ്വാസിച്ചു.

ആ പടയാളികൾ എന്തു ചെയ്തുകാണും? അതിൽ ഒരു തർക്കവുമില്ല. അവർ അവന്റെ കൽപന നിരസിച്ചിരിക്കണം. ഉദ്യോഗസ്ഥന്മാരും പടയാളികളും ആദ്യമായി ദൈവത്തിന്റെ കൽപനകൾക്ക് കീഴിലാണ്, അതുകൊണ്ട് ദൈവസന്നിധിയിൽ ദുഷ്ടരാജാക്കന്മാരുടെ പാപതീരുമാനങ്ങൾ നടപ്പാക്കുന്നതിനെ ന്യായീകരിക്കാവുന്നതല്ല (പ്രവൃത്തികൾ 5:29).

ആ രംഗം ഒന്നു മനസിൽ കാണുക:രാജാവിന്റെ സന്ദേശവാഹകരെ നേരിടുന്നു, ദൈവത്തിന്റെ ശക്തനായ ഏക-മനുഷ്യസൈന്യം, പ്രവാചകന്റെ കയ്യിൽ വടിയല്ലാതെ മറ്റൊന്നുമില്ല, ആയുധമായി പരുപരുത്ത രോമമുള്ള ഉടുപ്പും അരയിലെ തോൽവാറും മാത്രം. നന്നായി-പരിശീലനം ലഭിച്ച അമ്പത്തൊ-ന്നു പടയാളികളാണ് അവനോട് എതിർത്തത്. മൽസരം നടന്നില്ല.

ഏലിയാവ് പ്രാർത്ഥിക്കുകയും, തീയിറങ്ങി അവരെ നശിപ്പിക്കുകയും ചെയ്തു. ചുഴലിക്കാറ്റുപോലെ തീയിറങ്ങി അവരെ ദഹിപ്പിച്ചുകളഞ്ഞു എന്നാണ് ജോസെഫസ് പറഞ്ഞത്.[5] പടയാളികൾ തിരിഞ്ഞ് ഓടുന്നതിനു മുൻപ് തന്നെ യുദ്ധം അവസാനിച്ചു. പിന്നെ അമ്പതു പേരെ അയച്ചു അവരെയും ഒരു സെക്കന്റിനുള്ളിൽ ദഹിപ്പിച്ചുകളഞ്ഞു. കർമ്മേലിൽ ഇറങ്ങിയ തീ പടയാളികളെയും കാളകളെയും ദഹിപ്പിക്കുവാൻ കഴിവുള്ളതാണെന്ന് അഹസ്യാവ് കണ്ടു!

ഇവിടെ ഒരു പാർശ്വ കുറിപ്പ് ഇതാ: അഹസ്യാവിന്റെ ക്രൂരത്വം നോക്കുക. അവന്റെ ഹൃദയകാഠിന്യം - അവന്റെ അമ്മയുടേതുപോലെ - ഏലിയാവിനെതിരെ രണ്ടാമതും മൂന്നാമതും അമ്പതു പടയാളികളെ വീതം അയച്ചു. താൻ തെറ്റാണെന്നും പ്രവാചകനു കീഴ്പ്പെടേണ്ടതാണെന്നും മനസിലാക്കാതെ മനപ്പൂർവ്വമായി അവൻ പടയാളികളെ മരണത്തിന് ഏൽപിച്ചുകൊടുത്തു. തന്റെ ചുരുങ്ങിയ കാലംകൊണ്ട്, അവൻ തന്റെ അപ്പനേക്കാൾ അധാർമ്മികനാണെന്ന് തെളിയിച്ചു.

ഏലിയാവിന്റെ പങ്ക് നോക്കുക. വിഗ്രഹാരാധനയെ ശിക്ഷിച്ചു തടയുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും, യിസ്രായേലിൽ ശേഷിക്കുന്നവിശ്വസ്തരെ ജീവിക്കുന്നവരായി നിലനിർത്തുകയും ചെയ്യിക്കുക എന്ന ദൗത്യവുമായാണ് പോയത്. ദൈവത്തിന്റെ സത്യമതത്തെ തകർക്കുവാൻ ഭൂമിയിലെ സർവ്വശക്തിയും യോജിച്ചപ്പോൾ, അവനെ ദൈവത്തിന്റെ നീതിയുടെ മൂർത്തിമത്ഭാവമായിട്ടാണ് അയച്ചത്. കർമ്മേലിൽ വെച്ച് ബാലിന്റെ പ്രവാചകന്മാരിൽ അവൻ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കിക്കഴിഞ്ഞതാണ്. ഇപ്പോൾ, ദുഷ്ടയായ ഈസെബേലിന്റെ മകൻ അഹസ്യാവ് യഹോവക്കെതിരെ ഒരു കൂട്ടം പടയാളികളെ അയച്ചു ദൈവത്തിന്റെ പ്രവാചകനെ തടവിലാക്കി കൊല്ലുവാൻ ശ്രമിച്ചു.

ഒരു പരിശ്രമവും കൂടാതെ ഏലിയാവ് അവർക്ക് പിടികൊടുക്കുമോ? അതോ അവൻ യഹോവയുടെ ദാസൻ ആയിരിക്കുമോ? നന്മയോ തിന്മയോ ചെയ്യുവാൻ അവന്റേതായ ഒരു കഴിവും അവനിലില്ലായിരുന്നു. അവന് യഹോവയോട് പ്രാർത്ഥിക്കുവാൻ മാത്രമാണ് കഴിഞ്ഞത്. യഹോവ, തന്റെ ജ്ഞാനത്തിലും തികഞ്ഞ നന്മയിലും, അവന്റെ പ്രാർത്ഥന ഒന്നുകിൽ സ്വീകരിക്കാം അല്ലെങ്കിൽ നിരാകരിക്കാം. അവന്റെ പ്രാർത്ഥന ദൈവം കേട്ടു പ്രവർത്തിച്ചാൽ അത് ഏലിയാവിന്റേതല്ല, മറിച്ച് യഹോവയുടെ പ്രവൃത്തിയാണ്.

മൂന്നാമത് ഒരു സംഘം പടയാളികളെ അയച്ചു, എന്നാൽ മുൻപ് പോയ രണ്ട് സംഘത്തിനും സംഭവിച്ചത് അവർ അറിഞ്ഞിരുന്നു. സൈന്യാധിപൻ അവന്റെ കാൽക്കൽ വീണ് കരുണക്കായി അപേക്ഷിച്ചു. സത്യദൈവമായ യഹോവ ദൈവ-മല്ലാത്ത ബാലിനെ ഉന്മൂലനം ചെയ്തു. യുദ്ധം അവസാനിക്കുകയും ഫലം ഉറപ്പാക്കുകയും ചെയ്തു.

ഒരു ദൂതൻ ഏലിയാവിന് പ്രത്യക്ഷനായി എന്തു ചെയ്യണമെന്നു പറഞ്ഞു (2 രാജാക്കന്മാർ 1:15). യാതൊരു മടിയോ, ഭയമോ, തന്റെ വ്യക്തിപരമായ സുരക്ഷയെയോ കണക്കാക്കാതെ പോയി, കാരണം അവന് ഒരു കേടും സംഭവിക്കയില്ല എന്ന ഉറപ്പ് ലഭിച്ചിരുന്നു. അവൻ മലയിൽനിന്ന് ഇറങ്ങി പടയാളികളോടുകൂടെ രാജധാനിയിലേക്ക് പോയി.

രാജാവിന്റെ മുൻപിൽ ധൈര്യത്തോടെ, ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപിച്ചു, കരുണകൂടാതെ അവൻ മരിക്കും എന്നു പറഞ്ഞു.

> അവനോട്, യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, “അരുളപ്പാട് ചോദിപ്പാൻ യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നീ എക്രോനിലെ ദേവനായ ബാൽ-സെബൂബിനോട് അരുളപ്പാട് ചോദിപ്പാൻ ദൂതന്മാരെ അയച്ചത്? ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽനിന്ന് ഇറങ്ങാതെ നിശ്ചയമായും മരിക്കും” (2 രാജാക്കന്മാർ 1:16).

രാജാവിന്റെ അന്ത്യം അടുത്തിരിക്കുന്നു എന്ന് ഏലിയാവ്, വളരെ വ്യക്തമായി തന്നെ പറഞ്ഞു - അവൻ കിടന്ന കിടക്കയിൽനിന്നും എഴുന്നേൽക്കുകയില്ല എന്നു പറഞ്ഞു. കാരണം അവൻ ദൈവ-മല്ലാത്ത എക്രോനിലെ ദേവനോട് ആലോചനക്കായി ശ്രമിച്ചതിനാൽ, അവൻ മരിക്കേണം.

ദൈവത്തിനു ബദലുണ്ടാക്കുന്നത് വിറെക്കുന്ന ചിന്തയാണ്. അത്തരം കാര്യം ചെയ്യുവാൻ ഒരുപക്ഷെ അഹസ്യാവ് തിന്മയാൽ വഞ്ചിതനായതാകാം.

ദൈവത്തെ സിംഹാസനത്തിൽനിന്നിറക്കി പകരം മറ്റൊന്നിനെ സ്ഥാപിക്കുവാൻ നാമും ശ്രമിക്കുവാൻ സാധ്യതയില്ലേ? തീർച്ചയായും ഉണ്ട്. മനുഷ്യൻ മനുഷ്യത്വത്തോട് ചെയ്തതു ചിത്രീകരിക്കാം. ദൈവത്തെ കുറിച്ചുള്ള സത്യത്തെ ഇന്ന് പാർശ്വവൽക്കരിച്ചിരിക്കയാണ്. ദൈവത്തെ കുറിച്ചുള്ള ചിന്ത ചവറു പോലെ തള്ളിക്കളഞ്ഞിരിക്കയാണ്, എന്നാൽ മനുഷ്യന്റെ ജ്ഞാനം, ശക്തി, നേട്ടങ്ങൾ എന്നിവ ദൈവത്തിന് പകരമായി സ്വീകരിക്കയും ചെയ്യുന്നു.

ഈ ഗൃഹത്തിലെ ജീവിതത്തെ കുറിച്ച് ഒന്നും അറിയാത്ത ഒരാളെ പെട്ടെന്ന് ലോകത്തിലേക്കു കൊണ്ടുവന്നാൽ, ദൈവത്തിൽ വിശ്വസിക്കുന്നതിന്റെ തെളിവ് ഒന്നും ഇവിടെനിന്നു ലഭിക്കുകയില്ല എന്ന് ആരോ പറഞ്ഞിട്ടുണ്ട്. അയാൾ ഇന്നത്തെ ടിവി പ്രോഗ്രാമുകളും, രാഷ്ട്രീയപ്രസംഗങ്ങളും, സ്ക്കൂൾ പരിപാടികളും, നമ്മുടെ കുടുംബങ്ങളുടെ പുറത്തുപോകലും, നമ്മുടെ സാധാരണ സംഭാഷണങ്ങളും കാണുമ്പോൾ, ദൈവത്തെ കുറിച്ച് ഒന്നും കാണുകയോ കേൾക്കുകയോ ഇല്ല. അത് സത്യമല്ലേ? ആയിരിക്കാം. അൽപം നിന്നു ചിന്തിക്കുക. ദൈവത്തിന് ബദലുണ്ടാക്കിയിട്ടുണ്ടോ? അഹസ്യാവ് ഉണ്ടാക്കി, ഫലം ആപത്തായിരുന്നു. നമ്മൾ അങ്ങനെ ചെയ്താലും, ഫലം അതു തന്നെയായിരിക്കും.

**ഉപസംഹാരം**

നാം അഹസ്യാവിനെ ഓർക്കുമ്പോൾ, അവന്റെ പതനത്തിന്റെ വിവിധ പടികൾ നാം മറക്കരുത് - ദൈവത്തെ അവഗണിക്കയും, അവനെ നിഷേധിക്കയും, ദൈവത്തിന് ബദലുണ്ടാക്കയും ചെയ്തു. ഒരു രാത്രികൊണ്ട് അവൻ അന്യദേവനെ നമസ്ക്കരിക്കുന്ന മതത്തിലേക്ക് തിരിഞ്ഞതല്ല, മറിച്ച് ക്രമേണയാണ് പൂർണ്ണമായ ധ്യാനത്തിലായത്. സത്യം കഠിനമായി തെറ്റിനെ നശിപ്പിക്കപ്പെടുന്നതു അവൻ കണ്ടു, ദൈവത്തിന്റെ പരമാധികാരം ഒരു യാഥാർത്ഥ്യമാണെന്നും അതിനു മാറ്റം വരുത്തതുവാനോ അവഗണിക്കുവാനോ കഴിയുകയില്ലെന്നും അവൻ മനസിലാക്കി.

അഹസ്യാവ് മാളികമുറിയിൽനിന്നു വെറുതെ വീണു മരിച്ചതല്ല, ആ മരണം അവന്റെ ജീവിതത്തിലെ ദൈവത്തിന്റെ ന്യായവിധിയായിരുന്നു. തന്നെ വാസ്തവത്തിൽ സഹായിക്കുവാൻ കഴിവുള്ള ഏലിയാവിനെ അവസാനമായി അവൻ കണ്ടപ്പോൾ, അവനു വരുവാനിരുന്ന ദൈവത്തിന്റെ മരണശിക്ഷ മുന്നറിയിച്ചിരുന്നു. ഏലിയാവ് അഹസ്യാവിന്റെ കിടക്കമുറി വിട്ടുപോയത്,

ഈ ജീവിതത്തിൽ (നിത്യതയിലും) അവനെ വീണ്ടും കാണുകയില്ല എന്ന അവസ്ഥയിലാണ്. അഹസ്യാവിന് അവസരങ്ങൾ ലഭിച്ചു; എന്നാൽ അവൻ അവയെല്ലാം വലിച്ചെറിഞ്ഞു; അവസരങ്ങൾ വലിച്ചെറിഞ്ഞപ്പോൾ, അവൻ തന്റെ ആത്മാവിനെയാണ് വലിച്ചെറിഞ്ഞത്.

> ഏലിയാവ് പറഞ്ഞ യഹോവയുടെ വചനപ്രകാരം തന്നേ അവൻ മരിച്ചുപോയി. അവനു മകനില്ലായ്കകൊണ്ട്, അവനുപകരം യെഹോരാം, യെഹൂദാരാജാവായ യെഹോശാഫാത്തിന്റെ മകനായ യെഹോരാമിന്റെ രണ്ടാമാണ്ടിൽ രാജാവായി. അഹസ്യാവ് ചെയ്ത മറ്റുള്ള വൃത്താന്തങ്ങൾ, യിസ്രായേൽ രാജാക്കന്മാരുടെ വൃത്താന്തപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നുവല്ലൊ? (2 രാജാക്കന്മാർ 1:17, 18).

അഹസ്യാവിന് മകൻ ജനിക്കുന്നതിനു മുൻപ് മരിച്ചുപോയി, ആകയാൽ അവന്റെ സഹോദരനായ യെഹോരാം സിംഹാസനത്തിൽ കയറി. എങ്ങനെയായാലും, അഹസ്യാവ് വിട്ടുപോയ മറ്റൊരു ആലങ്കാരികമായ മകൻ, ലോകത്തിന് നൽകിയത് ഘോരമായ പൈതൃകത്തെയായിരുന്നു. അവൻ അന്യദേവന്മാരെ നമസ്ക്കരിക്കുന്നതും, ഭോഗാസക്തിയും, ദുർന്നടപ്പും, ക്രൂരത്വവും, മന്ത്രവാദവും പിന്തുടരുകയാൽ, ദുഃഖവും, വേദനയും, ന്യായവിധിയും, മരണവുമാണ് കൊണ്ടുവന്നത്.

"വാസ്തവത്തിൽ നിങ്ങൾക്ക് ദൈവകൽപന ഭേദിക്കുവാൻ സാധ്യമല്ല, നിങ്ങൾക്ക് നിങ്ങളെത്തന്നെ ഭേദിക്കുവാനേ കഴിയു, അല്ലാതെ ദൈവകൽപനയെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല" എന്ന് ആരോ പറഞ്ഞിരിക്കുന്നു. വസ്തുതകൾ കടുപ്പമുള്ളതാണ്. അവ പോകുകയില്ല. നാം അവയെ അംഗീകരിച്ച്, അതനുസരിച്ച് ജീവിച്ചാൽ, ദൈവം ഉദ്ദേശിച്ച ആനന്ദവും സന്തോഷവും നമുക്ക് ഉണ്ടാകും. നാം അവയെ നിരാകരിച്ചാൽ നമ്മുടെ ജീവിതത്തെ നശിപ്പിക്കും. നാം അഹസ്യാവിന്റെ തത്വമനുസരിച്ച് ജീവിക്കുമോ അതോ ആ തെറ്റുകൾ മനസിലാക്കി അതിൽനിന്നു പാഠം ഉൾക്കൊള്ളുമോ?

**പഠിക്കേണ്ട പാഠം:**
**പാപത്തിൽ ആർക്കും ജയിക്കുവാൻ സാധ്യമല്ല.**

---

കുറിപ്പുകൾ

[1]മോവാബ്യ കല്ലിൽ മേശാ പറഞ്ഞത്, "യിസ്രായേൽ രാജാവായിരുന്നു ഒമ്രി, അവൻ പല വിധത്തിൽ മോവാബ്യരെ കഷ്ടപ്പെടുത്തി, കാരണം കേനോശ് അവന്റെ ദേശത്തോട് കോപിച്ചിരുന്നു. അവന്റെ മകൻ അവനെ പിന്തുടരുകയും; അവനും പറഞ്ഞു: 'ഞാനും എന്റ കാലത്ത്, മോവാബ്യരെ കഷ്ടപ്പെടുത്തും.' പക്ഷെ ഞാൻ അവനിലും അവന്റെ ഗൃഹത്തിലും സുഖം കാണുകയും, യിസ്രായേൽ നിത്യ നാശം അനുഭവിക്കയും ചെയ്തു. ഇപ്പോൾ മെദേബയിലെ എല്ലാ ദേശവും ഒമ്രി കൈവശമാക്കി അവന്റെ കാലത്തും മക്കളുടെ പകുതി കാലത്തും, നാൽപതു വർഷം അതിൽ വസിച്ചു; എന്നാൽ എന്റെ കാലത്ത് കീനോശ് അതിനെ യഥാസ്ഥാനപ്പെടുത്തും ..." (ജോൺ ഡി. ഡേവിസ്, *ഡേവിസ് ഡ്ക്ഷ്ണറി ഓഫ് ദ ബൈബിൾ* [നാഷ്വിലേ, ടെന.: ദ വാഴ്സിറ്റി കമ്പനി, 1973], 530). [2]"എന്നാൽ അഹസ്യാവ് തന്റെ വീടിന്റെ മുകളിൽനിന്നും ഇറ

ങ്ങിവരുമ്പോൾ, വീഴുകയും, അവന്റെ രോഗവിവരം അറിയുവാനായി എക്രോനിലെ ദേവനായിരുന്ന ഫ്ളൈയുടെ അടുക്കലേക്ക് സന്ദേശവാഹകരെ അയച്ചു; എന്നാൽ എബ്രായരുടെ ദൈവം പ്രവാചകനായിരുന്ന ഏലിയാവിനെ അവരുടെ അടുക്കൽ അയച്ച് യിസ്രായേലിൽ ദൈവമില്ലാഞ്ഞിട്ടോ യിസ്രായേൽ രാജാവ് തന്റെ അവസ്ഥ എന്താകുമെന്നറിയാൻ അന്യദേവനായ എക്രോനിലെ ദേവന്റെ അടുക്കലേക്ക് അയച്ചത്? എന്നു ചോദിച്ചു" (ജോസെഫസ് *ആന്റിക്വിറ്റീസ് ഓഫ് ദ ജൂസ്* 9.2.1). [3]ക്രിസ്തുവിന്റെ സമയം ആയപ്പോഴേക്ക്, ബാൽ-സെബൂബ്, സാത്താന്റെ അടയാളമായി തീർന്നിരുന്നു (മത്തായി 12:24). [4]പിന്നീട് വന്ന പ്രവാചകന്മാരും അത്തരം വസ്ത്രം ധരിച്ചിരുന്നു (സെഖര്യാവ് 13:4; മത്തായി 3:4), അത് അവരുടെ ജോലിയുടെ ഒരു ഭാഗമായിരുന്നു. [5]"ഏലിയാവ് അവനോടു പറഞ്ഞു [അഹസ്യാവിന്റെ സൈന്യാധിപനോട്], 'ഞാൻ വാസ്തവത്തിലുള്ള പ്രവാചകനാണോ എന്ന് എന്നെ പരീക്ഷിക്കുവാൻ വന്നതിനാൽ, ഞാൻ പ്രാർത്ഥിക്കുകയും, സ്വർഗത്തിൽനിന്നു തീ ഇറങ്ങി നിന്നെയും നിന്റെ പടയാളികളെയും നശിപ്പിച്ചുകളയും എന്നു പറഞ്ഞു.' അങ്ങനെ തീയുടെ ഒരു ചുഴലിക്കാറ്റ് സൈന്യാധിപന്റെ മേലും പടയാളികളുടെമേലും പതിച്ചു നശിച്ചുപോയി" (ജോസെഫസ് *ആന്റിക്വിറ്റീസ് ഓഫ് ദ ജ്യൂസ്* 9.2.1).